പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1216 — 12/03/2015 ൽ മറുപടിയ്ക്ക്

## റീ സർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) റവന്യൂ- സർവ്വെ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുള്ളതും, 01/11/2014 മുതൽ 20/12/2014 വരെയും ലഭിച്ചതായ ഫയലുകളും, സമയ ബന്ധിതമായി തീർപ്പാക്കിയും, റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ അദാലത്ത് ദിവസം നേരിട്ട് സ്വീകരിച്ചും, പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) റീ സർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവെ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ